**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3343** **01-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയം നഷ്ടപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്യാത്തതായുള്ള പട്ടയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വസ്തുവിന്റെ ആധാരത്തിൽ ജന്മം തീറാധാരം എന്നെഴുതുകയും എന്നാൽ പട്ടയം നഷ്ടപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്യാത്തതായുള്ള പട്ടയങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) | ഭൂമി പതിവ് നിയമങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെടുകയോ കാലപ്പഴക്കത്താൽ നശിച്ച് പോകുകയോ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് പട്ടയ പകർപ്പ്/ കേസുകളിലെ ആധികാരികത ഉറപ്പ വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് റവന്യൂ (എ) വകുപ്പിലെ 28.10.2020 തീയതിയിലെ സ.ഉ.(സാധാ) നം.3329/2020/റവ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ലാന്റ് ട്രൈബ്യൂണലുകൾ നൽകിയ ക്രയസർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വസ്തുവിന്റെ ആധാരത്തിൽ ജന്മം തീറാധാരം എന്നെഴുതുകയും എന്നാൽ പട്ടയം നഷ്ടപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്യാത്തതായുള്ള പട്ടയങ്ങൾ ലഭ്യമാക്കാൻ ലാന്റ് ബോർഡ് സെക്രട്ടറിയുടെ 18.06.2021 തീയതിയിലെ എൽ.ബി.എ3/1613/2022 നമ്പർ കത്ത് പ്രകാരം ഇത്തരം വിഷയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ